**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1420 — 30.01.2018 ൽ മറുപടിയ്ക്ക്

# കമ്പ്യൂട്ടർവത്കരണം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ. നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) വില്ലേജ് ഓഫീസ്, താലൂക്ക് ഓഫീസ്, കളക്ടറേറ്റുകൾ എന്നിവ തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിലുള്ള കമ്പ്യൂട്ടർവത്കരണം നടക്കുന്നുണ്ടോ; | (എ) റവന്യൂ വകുപ്പിനു കീഴിലുള്ള പ്രധാന ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾ പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേക്ക് മാറ്റിയെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നാഷണൽ ഇ ഗവേണൻസ് പദ്ധതിയുടെ ഭാഗമായ ഇ ഓഫീസ് സംവിധാനം ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതോടുകൂടി ടി ഓഫീസുകളിലെ ഫയൽ പ്രോസസിംഗ് ഇലക്ട്രോണിക് രീതിയിലേക്ക് മാറുന്നതാണ്. |
| (ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ; | (ബി) 16.07.2015 ലെ സ.ഉ(കൈ) നം. 22/2015/വിസവ പ്രകാരം ഇ-ഓഫീസ് സംവിധാനം ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടറേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ഏഴ് റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. താലൂക്ക് ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയത് പൂർത്തീകരിക്കുന്നതോടെ മാത്രമേ ടി സംവിധാനം വില്ലേജ് ഓഫീസുകളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ